ഉത്തരം

(എ) .കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രധാന പ്രവൃത്തികളായ റൺവെ ·ഉൾപ്പെടുന്ന എയർസൈഡ് പ്രവൃത്തികളും ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ലൈഓവറിന്റെയും പ്രവൃത്തികളും ഇതിനകം ടെണ്ടർ ചെയ്യുകഴിഞ്ഞു.

(ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയുടെയും എയർസൈഡ് പ്രവൃത്തികളുടെയും കരാർ (ഇ.പി.സി.-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 5-ന് ലാർസൺ & ടൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരം വരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ലൈഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ &ടൂബ്രോ ലിമിറ്റഡിന്റെ ബി & എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. രണ്ട് കരാറുകളുടെയും കരാർ യഥാക്രമം 5-11-2013 തീയതിക്കും 10-7-2014 തീയതിക്കും ഒപ്പുവെച്ചു.

(സി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവൃത്തികളുടെയും കരാർ (ഇ.പി.സി.-1) 694 കോടി രൂപയ്ക്ക് 2013 നവംബർ 5-ന് ലാർസൺ &ടൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 40% പൂർത്തിയായിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ലൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ടൂബ്രോ ലിമിറ്റഡിന്റെ ബി&എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 20% പൂർത്തിയായിട്ടുണ്ട്. 2016-മേയ് മാസത്തിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാനും വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

വ്യോമയാന ഹബ്ബ്

138 (143) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യോമയാന പാതയിലെ രാജ്യാന്തര ഹബ്ബ് നിശ്ചയിച്ചതിൽ നിന്നും കേരളത്തെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവാക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹബ്ബിന് യോഗ്യതയുള്ള വിമാനത്താവളങ്ങൾ സംസ്ഥാനത്തുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ ;

(സി) വ്യോമയാന ഹബ്ബ് നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതിൽ രാജ്യത്തെ 6 മെട്രോപോളിറ്റൻ വിമാനത്താവളങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ വിമാനത്താവളങ്ങൾ മെട്രോ പൊളിറ്റൻ വിഭാഗത്തിൽപ്പെടാത്തവയായതിനാലാണ് ഉൾപ്പെടാതെപോയത്.

(ബി) ഉണ്ട്. സിയാലിന് പ്രസ്തുത യോഗ്യതകളുണ്ട്.

(സി) സിയാലിനെ International Hub Category-യിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഇക്കാര്യം ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കരട് വ്യോമയാന നയം ചർച്ച ചെയ്യാൻ 30-12-2014-ൽ ചേർന്ന ഉന്നതതലയോഗത്തിൽ സംസ്ഥാനത്തിന്റെ ഈ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ വിമാനത്താവള നിർമ്മാണവും ഭൂമി ഏറ്റെടുക്കലും

139 (144) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് ആകെ എത്ര ഭൂവുടമകളിൽ നിന്നും ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ ;

(ബി) ആകെ എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇനിയും എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇനിയും നഷ്ടപരിഹാരത്തുക നൽകുവാനുള്ള ഭൂവുടമകൾക്ക് അതിവേഗം നഷ്ടപരിഹാരത്തുക നൽകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly